സർവ്വകലാശാലയുടെ സർവ്വപ്രധാനമായ ഭരണനിർവ്വഹണന  അധികാരം നിർവ്വാഹക  സമിതിയ്ക്കാണ്. വൈസ് ചാൻസലർ ചെയർമാനായ പന്ത്രണ്ട് അംഗങ്ങളുള്ളതാണ് സമിതി.  പൊതു മേൽനോട്ടവും സർവ്വകലാശാലയിലെ സ്ഥാപനങ്ങളുടെ നിയന്ത്രണവും ഉൾപ്പെടെയുള്ള അധികാരങ്ങൾ നിർവ്വാഹക സമിതിയ്ക്കാണ്.

## നിർവ്വാഹക  സമിതിയുടെ ഘടന

നിർവ്വാഹക സമിതിയിൽ 12 അംഗങ്ങളുണ്ട്.

ഔദ്യോഗിക പദവിയുമായി ബന്ധപ്പെട്ട അംഗങ്ങൾ (3 )

- വൈസ് ചാൻസലർ (ചെയർമാൻ)
- കാർഷിക ഉല്പാദന കമ്മീഷണർ
- സെക്രട്ടറി, ധനകാര്യ വകുപ്പ്

മറ്റ് അംഗങ്ങൾ (9)

- ICAR- നെ പ്രതിനിധീകരിക്കുന്ന അംഗം
- ഡീൻ ഓഫ് ഫാക്കൽറ്റിയിൽ നിന്നും തിരഞ്ഞെടുത്ത ഒരംഗം
- പൊതുസഭയിലെ അധ്യാപകരിൽ നിന്നും തിരഞ്ഞെടുത്ത ഒരംഗം
- പൊതുസഭയിലെ അഞ്ച് ഔദ്യോഗികേതര അംഗങ്ങൾ (ഒരു എസ്‌സി / എസ്ടി, ഒരു സ്ത്രീ)
- കെഎയു ആസ്ഥാനം സ്ഥിതിചെയ്യുന്ന നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എംഎല്എ

## ഉപസമിതികൾ

നിർവ്വാഹക  സമിതിക്ക് ആർ ഉപസമിതികൾ ഉണ്ട്. അവയാണ്

- ഫിനാൻസ് കമ്മിറ്റി/ ധനകാര്യ സമിതി
- പ്ലാനിംഗ് ആൻഡ് ഡെവലൊപ്മെന്റ് കമ്മിറ്റി/ ആസൂത്രണ വികസന സമിതി
- റിസർച്ച് റിവ്യൂ കമ്മിറ്റി/ ഗവേഷണ അവലോകന സമിതി
- എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി
- സ്റ്റുഡന്റ്സ് വെൽഫെയർ  കമ്മിറ്റി
- വർക്ക്സ്  കമ്മിറ്റി

## നിർവ്വാഹക സമിതിയുടെ അധികാരങ്ങൾ

സർവ്വകലാശാലയിലെ സ്ഥാപനങ്ങളുടെ പൊതുമേൽനൊട്ടം, നിയന്ത്രണം എന്നിവയുൾപ്പെടെയുള്ള കൃത്യനിർവ്വഹണ അധികാരങ്ങൾ നിർവ്വാഹക  സമിതിക്ക്  നല്കിയിട്ടുണ്ട്. ഇതിന് പുറമെ സമിതിയ്ക്കു താഴെപ്പറയുന്ന അധികാരങ്ങളുമുണ്ട്.

- ഓർഡിനൻസുകളുടെ നിർമാണവും  അതിന്റെ ഭേദഗതിയോ റദ്ദ് ചെയ്യുലൊ നടപ്പിലാക്കുക.
- സർവ്വകലാശാല പരീക്ഷയിൽ ഏതെങ്കിലും വിദ്യാർത്ഥിയുടെ ഫലങ്ങൾ തടഞ്ഞുവയ്ക്കുകയോ  അല്ലെങ്കിൽ റദ്ദാക്കുകയോ ചെയ്യുക.
- സർവ്വകലാശാലയ്ക്ക് വേണ്ടി എന്ഡോവ്മെന്റുകൾ, ഒസ്യത്ത്, സംഭാവന, സ്‌ഥാവര ജഗമ വസ്തു കൈമാറ്റം എന്നിവ നടത്തുകയും, ഇങ്ങനെ സ്വീകരിക്കുന്നവയുടെ വിവരങ്ങൾ യഥാവിധി അടുത്ത ജനറൽ കൗൺസിൽ യോഗത്തിൽ റിപ്പോർട്ട് ചെയ്യുകയും വേണം
- നിയമം, ചട്ടങ്ങൾ, ഓർഡിനൻസുകൾ എന്നിവ നിർദ്ദേശിക്കുന്ന മറ്റ് അധികാരങ്ങൾ പ്രയോഗിക്കുകയും,

ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.